# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 05.06.2025** **TIME : 07.25PM**

## പ്രധാന വാർത്തകൾ

1. ജമ്മു കശ്മീരിൽ ഉദംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് പദ്ധതി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാഷ്ട്രത്തിന് സമർപ്പിക്കും.

   **Prime Minister Narendra Modi will dedicate the Udhampur-Srinagar-Baramulla rail link project in Jammu and Kashmir to the nation tomorrow..**

2. ഏക് പേഡ് മാ കേ നാം 2.0 കാമ്പയ്നിന് കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.

   **Union Minister Dharmendra Pradhan launched the Ek Ped Ma Ke Naam 2.0 campaign in New Delhi today.**

3. കസാക്കിസ്ഥാനുമായി രാഷ്ട്രീയം, വ്യാപാരം തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയിൽ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഒപ്പുവച്ചു.

   **External Affairs Minister S. Jaishankar signed a plan to strengthen cooperation with Kazakhstan in the fields of politics, trade and other areas.**

4. സുസ്ഥിര, പ്രകൃതി സൗഹൃദ വികസനമാണ് കേരളത്തിന്റെ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that Kerala's policy is sustainable and environment friendly development.**

5. അറഫ സംഗമത്തിൽ പങ്കെടുത്ത് ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ഇസ്ലാം മത വിശ്വാസികൾ.

   **Millions of Muslims from all over the world participated in Arafa Sangam.**

6. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലുണ്ടായ അപകട ത്തിൽ സ്വമേധയാ കേസെടുത്ത് കർണ്ണാടക ഹൈക്കോടതി.

**Karnataka High Court has taken suo motu cognizance of the accident at Chinnaswamy Stadium in Bengaluru..**

&&&&&&&&&&&&&&&&

## EVE. PM-USBRL J AND K

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ജമ്മു കശ്മീരിൽ ഉദംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് പദ്ധതി രാഷ്ട്രത്തിന് സമർപ്പിക്കും. 272 കിലോമീറ്റർ ദൈർഘ്യമുള്ള യുഎസ്ബിആർഎൽ പദ്ധതി 44,000 കോടി രൂപ ചെലവിലാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിൽ 36 തുരങ്കങ്ങളും 943 പാലങ്ങളും ഉൾപ്പെടുന്നു. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ കമാന പാലമായ ചെനാബ് ബ്രിഡ്ജും, ഇന്ത്യയിലെ ആദ്യത്തെ കേബിൾ-സ്റ്റേഡ് റെയിൽ പാലമായ അഞ്ജി ബ്രിഡ്ജും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. കത്ര- ശ്രീനഗർ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനിൻറെ ഫ്ലാഗ് ഓഫും, ശ്രീ മാതാ വൈഷ്ണോദേവി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എക്സലൻസിന്റെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിക്കും.

&&&&&&&&&&&&&&&&

## REV PREZ-WORLD ENVIRONMENT DAY

ലോക പരിസ്ഥിതി ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ജനങ്ങൾക്ക് ആശംസകൾ നേർന്നു. പരിസ്ഥിതിക്ക് വേണ്ടിയുള്ള ഓരോ പ്രവൃത്തിയും പ്രധാനമാണെന്നും, ഭാവി തലമുറകൾക്കായി കൂടുതൽ ഹരിതാഭമായ ഭൂമിയെ സൃഷ്ടിക്കാൻ കൂട്ടായ പ്രവർത്തനം സഹായിക്കുമെന്നും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## PM- ENVIRONMENT

ഭൂമിയെ സംരക്ഷിക്കുന്നതിനും, സമകാലിക വെല്ലുവിളികളെ അതിജീവിക്കുന്നതിനുമുള്ള ശ്രമങ്ങൾ കൂടുതൽ ശക്തമാക്കണ മെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ലോക പരിസ്ഥിതി ദിന സന്ദേശത്തിൽ പറഞ്ഞു. ദിനാചരണത്തിൻറെ ഭാഗമായി

പ്രധാനമന്ത്രി ന്യൂഡൽഹിയിലെ ഭഗവാൻ മഹാവീർ വനസ്ഥലി പാർക്കിലും ഓപ്പറേഷൻ സിന്ദൂറിന്റെ വിജയാർത്ഥം ന്യൂഡൽഹി യിലെ വസതിയിലും വൃക്ഷത്തൈ നട്ടു.

&&&&&&&&&&&&&&

## PRADHAN ENVIRONMENT DAY (INTRO))

അന്താരാഷ്ട്ര പരിസ്ഥിതി ദിനാഘോഷത്തിൻറെ ഭാഗമായി ഏക് പേഡ് മാ കേ നാം 2.0 കാമ്പെയ്നിന് കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. 2070 ആകുമ്പോഴേക്കും കാർബൺ ബഹിർഗമനം നെറ്റ് സീറോ ആക്കുക എന്ന ആശയം വിഭാവനം ചെയ്യാൻ ഭാവിതലമുറയെ സജ്ജമാക്കണമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. പരിസ്ഥിതി സംരക്ഷണത്തിനായി പ്ലാസ്റ്റിക് ഉപയോഗം അടിയന്തിരമായി നിയന്ത്രിക്കണമെന്നും, ഇതിനായി സുസ്ഥിര വികസന രീതികൾ സ്വീകരിക്കണമെന്നും ശ്രീ ധർമേന്ദ്ര പ്രധാൻ ആവശ്യപ്പെട്ടു.
(വോയിസ്)

&&&&&&&&&&&&&&

## NEW PM GARIB KALYAN

ദാരിദ്ര്യത്തിൽ നിന്ന് ജനങ്ങളെ കരകയറ്റുന്നതിനും, ശാക്തീകരണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന തിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ എടുത്തുപറഞ്ഞ് പ്രധാനമന്ത്രി നരേന്ദ്രമോദി. എൻഡിഎ സർക്കാർ 11 വർഷം പൂർത്തിയാക്കുന്ന വേളയിൽ, സമൂഹമാധ്യമ പോസ്റ്റിലാണ് പ്രധാനമന്ത്രി ഇക്കാര്യം പങ്കവച്ചത്. പിഎം ആവാസ് യോജന, പിഎം ഉജ്ജ്വല യോജന, ജൻ ധൻ യോജന, ആയുഷ്മാൻ ഭാരത് തുടങ്ങിയ സംരംഭങ്ങൾ ഭവന നിർമ്മാണം, പാചക ഇന്ധനം, ബാങ്കിംഗ്, ആരോഗ്യ സംരക്ഷണം എന്നീ മേഖലയിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്നതായി അദ്ദേഹം പറഞ്ഞു. 25 കോടിയിലധികം ആളുകളെ ദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുന്ന തിൽ ഈ പദ്ധതികൾ പങ്ക് വഹിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&

## EAM KAZAKHSTAN

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ കസാക്കിസ്ഥാൻ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ മുറാത്ത് നർട് ലുവുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്ന തിനുള്ള പദ്ധതിയിൽ ശ്രീ ജയ്ശങ്കർ ഒപ്പുവച്ചു. രാഷ്ട്രീയം, വ്യാപാരം തുടങ്ങി വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തെക്കുറിച്ചും കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു. ഭീകരതക്കെതിരെയുള്ള നർട് ലുവിൻറെ ശക്തമായ നിലപാടിനെ വിദേശകാര്യ മന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&

## PUNJAB-SHIVRAJ CHOUHAN

വികസിത് കൃഷി സങ്കൽപ്പ് അഭിയാൻറെ ഭാഗമായി പഞ്ചാബിലെ രാജ്പുരയിൽ നടന്ന 'കിസാൻ ചൗപാൽ' പരിപാടിയിൽ കർഷകരു മായി സംവദിച്ച് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. വികെഎസ്എയുടെ കീഴിൽ ശാസ്ത്രജ്ഞർ കൃഷിയിടങ്ങൾ സന്ദർശിച്ച് മണ്ണ്, പരിസ്ഥിതി സംബന്ധമായ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇടപെടൽ നടത്തുന്നുണ്ടെന്ന് ശ്രീ ചൗഹാൻ മാധ്യമങ്ങളോട് പറഞ്ഞു. കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭത്തോടെ കർഷകരുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനാണ് ഇതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&

## SHASHI THAROOR

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ ഭീകരവാദത്തിനെ തിരായ ഇന്ത്യയുടെ നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്ന തിനായി നിയോഗിച്ച അഞ്ച് സർവകക്ഷി പ്രതിനിധി സംഘങ്ങൾ ദൗത്യം വിജയകരമായി പൂർത്തിയാക്കി. ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള സംഘം അമേരിക്കയിലെ മുതിർന്ന ഉദ്യോഗസ്ഥരുമായും യുഎസ് കോൺഗ്രസിലെ നേതാക്കളുമായും കൂടിക്കാഴ്ച നടത്തി. ഭീകരവാദത്തെ തടയാൻ പാക്കിസ്ഥാൻ ആത്മാർത്ഥ ശ്രമങ്ങൾ നടത്താത്ത പക്ഷം ഒരു ചർച്ചയ്ക്കും ഇന്ത്യ തയ്യാറാവില്ലെന്ന് ശ്രീ തരൂർ പറഞ്ഞു.

&&&&&&&&&&&&&&

## BANGALORE MISHAP- F.I.R

ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ ഉണ്ടായ ദുരന്തവുമായി ബന്ധപ്പെട്ട് സ്വമേധയാ കേസെടുത്ത് കർണ്ണാടക ഹൈക്കോടതി. ആർ.സി.ബി മാനേജ്മെൻറ്, ബിസിസി ഐ, ഇവൻറ് മാനേജ്മെൻറ് ടീം എന്നിവയ്ക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തത്. കുറ്റകരമായ അനാസ്ഥയാണ് ഇവർക്കെതിരെ ആരോപിക്കപ്പെടുന്നത് .
ഹൈക്കോടതി സംസ്ഥാന സർക്കാരിൽ നിന്നും വിശദമായ റിപ്പോർട്ട് തേടിയിട്ടുണ്ട്. ജൂൺ 10-ന് ഇതുമായി ബന്ധപ്പെട്ടു നൽകിയ പൊതുതാത്പര്യ ഹര്ജികൾ കോടതി പരിഗണിക്കും.

&&&&&&&&&&&&&&

## CM- KERALA (INTRO)

സുസ്ഥിര, പ്രകൃതി സൗഹൃദ വികസനമാണ് കേരളത്തിൻറെ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പരിസ്ഥിതി ദിനത്തിൽ ലോകത്താകമാനമുണ്ടാകുന്ന ചർച്ചകൾക്ക് തുടർച്ചയുണ്ടാകണ മെന്നാണ് സർക്കാർ നിലപാടെന്ന് അദ്ദേഹം പറഞ്ഞു. പരിസ്ഥിതി മിത്രം പുരസ്കാര സമർപ്പണവും, പ്ലാസ്റ്റിക് ലഘൂകൃത ജീവിതശൈലി ക്യാമ്പയിൻ ഉദ്ഘാടനവും തിരുവനന്തപുരത്ത് നിർവഹിക്കുകയാ യിരുന്നു മുഖ്യമന്ത്രി. 2050 ഓടെ നെറ്റ് സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യത്തിലേക്കുള്ള നടപടികളുമായി കേരളം മുന്നോട്ട് പോവുകയാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(VOICE)

&&&&&&&&&&&&&&

## REV. NIA- SEARCHES

ഭീകരവാദവുമായി ബന്ധപ്പെട്ട കേസിൽ ജമ്മു കശ്മീരിലെ 32 സ്ഥലങ്ങളിൽ ദേശീയ അന്വേഷണ ഏജൻസി പരിശോധന നടത്തി. പുൽവാമ, കുൽഗാം, ഷോപ്പിയാൻ, ബാരാമുള്ള, കുപ് വാര ജില്ലകളിലാണ് റെയ്ഡ് നടന്നത്. ഭീകരവാദ ഗൂഢാലോചന കേസിൽ വിവിധ ഭീകര സംഘടനകളെ സഹായിക്കുന്നവരെ കുറിച്ചുള്ള വ്യക്തമായ വിവരങ്ങളുടെ

അടിസ്ഥാനത്തിലാണ് പുലർച്ചെ മുതൽ എൻ ഐ എ തിരച്ചിൽ നടത്തിയത്.

**&&&&&&&&&&&&&&**

## DUBAI-ARAFAT DAY

ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ഇസ്ലാം മത വിശ്വാസികൾ ഇന്ന് ഹജ്ജ് കർമ്മത്തിലെ സുപ്രധാന ചടങ്ങായ അറഫ സംഗമ ത്തിൽ പങ്കെടുത്തു. ഇന്ത്യയിൽ നിന്നുള്ള ആയിരക്കണക്കിന്

തീർത്ഥാടകർ സംഗമത്തിൻറെ ഭാഗമായതായി ജിദ്ദയിലെ ഇന്ത്യൻ കോൺസൽ ജനറൽ ഫാഹദ് സൂരി അറിയിച്ചു. സുരക്ഷിതവും ഭക്തിനിർഭരവുമായി തീർത്ഥാടനത്തിന് സൗകര്യമൊരുക്കിയതിന് സൗദി അറേബ്യക്കും ഹജ്ജ്, ഉംറ മന്ത്രാലയത്തിനും, മറ്റ് വകുപ്പുകൾക്കും ഇന്ത്യൻ സ്ഥാനപതി നന്ദി അറിയിച്ചു.

**&&&&&&&&&&&&&&**

## BAKRID - HOLIDAY

കേരളത്തിൽ ബലിപെരുന്നാൾ ശനിയാഴ്ച. നാളെ നിശ്ചയിച്ചിരുന്ന ബക്രീദ് അവധി മറ്റന്നാളത്തേക്ക് മാറ്റി സംസ്ഥാന സർക്കാർ ഉത്തരവിറക്കി. സംസ്ഥാനത്തെ കേന്ദ്രജീവനക്കാരുടെ ബക്രീദ് അവധിയും മറ്റന്നാളത്തേക്ക് മാറ്റിയിട്ടുണ്ട്. നാളെ പ്രവൃത്തി ദിവസമായിരിക്കും.

**&&&&&&&&&&&&&&**

## NILAMBUR

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു.
10 സ്ഥാനാർഥികളാണ് മത്സര രംഗത്തുള്ളത്. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

**&&&&&&&&&&&&&&**

## SAJI CHERIYAN

കേരളത്തിൽ തിങ്കളാഴ്ച അർധരാത്രി മുതൽ ജൂലൈ 31 അർധരാത്രി വരെ ട്രോളിങ് നിരോധനം ഏർപ്പെടുത്തും. 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം സംബന്ധിച്ച വിജ്ഞാപനത്തിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ട്രോളിങ്ങ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ഉറപ്പാക്കുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ അറിയിച്ചു.

&&&&&&&&&&&&&&

# GOVERNOR

രാജ്ഭവനിൽ പരിസ്ഥിതി ദിനാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട വിവാദത്തിൽ പ്രതികരണവുമായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ചടങ്ങിൽ ഭാരതാംബയുടെ ചിത്രം മാറ്റിവെയ്ക്കാൻ പറ്റില്ലെന്ന് അറിയിച്ചതുകൊണ്ടാണ് കൃഷി മന്ത്രി എത്താത്തതിരുന്നതെന്നും രാജ്യത്തിൻറെ അടയാളമായതിനാലാണ് ചിത്രം മാറ്റാൻ കഴിയാത്തതെന്നും ഗവർണർ പറഞ്ഞു. ഭരണഘടനയ്ക്ക് യോജിക്കാത്ത തരത്തിലുള്ള സമീപനം അംഗീകരിക്കാനാവില്ലെന്നാ യിരുന്നു കൃഷിമന്ത്രി പി. പ്രസാദിൻറെ പ്രതികരണം.

&&&&&&&&&&&&&&

# FRENCH OPEN TENNIS

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് സെമി ഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. ആദ്യ സെമിയിൽ ബെലാറസിൻറെ അരീന സബലെങ്ക പോളിഷ് താരം ഇഗ ഷ്യാംടെകിനെ നേരിടുകയാണ്. ഫ്രാൻസിൻറെ ലോയിസ് ബോയ്സണും ലോക രണ്ടാം നമ്പർ താരം യുഎസിൻറെ കൊക്കോ ഗൗഫുമായുള്ള മത്സരം അല്പസമയത്തിനകം ആരംഭിക്കും. പുരുഷ സിംഗിൾസിൻറെ സെമി ഫൈനൽ മത്സരങ്ങൾ നാളെ നടക്കും.

&&&&&&&&&&&&&&
&&&&&&&&&
&&&&&